## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7871 16/07/2014-ൽ മറുപടിക്ക്

# സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് സൗജന്യമായി വൈദ്യുതിയും വൈദ്യുതി കണക്ഷനും നൽകുന്ന പദ്ധതി കൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br><br>(ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇത്തരത്തിലുള്ള സൗജന്യ പദ്ധതികൾ നടപ്പാക്കുന്ന തെന്ന് അറിയിക്കുമോ; | (എ) യും (ബി) യും<br>രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശങ്ങളിൽ കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും, കണക്ടഡ് ലോഡ് 1000 വാട്ട്സിൽ താഴെയുള്ള എസ്.സി./ എസ്.റ്റി. വിഭാഗക്കാർക്കും ബോർഡ് സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. കൂടാതെ മറ്റു വിഭാഗക്കാർക്ക് RGGVY പദ്ധതിയിൽപ്പെടുത്തി ഓ.എച്ച് ലൈനുകൾ നിർമ്മിച്ച് വെതർ പ്രൂഫ് കണക്ഷനു വേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി അപേക്ഷ നൽകിയിട്ടുള്ള എല്ലാ ബി.പി.എൽ.വിഭാഗക്കാർക്കും 1000 വാട്ട്സിൽ താഴെയുള്ള എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കും ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള ഗാർഹിക കണക്ഷനുകൾ സൗജന്യമായി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പ്രതിമാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുള്ള ഉപഭോക്താക്കൾക്കും ലൈഫ് സപ്പോർട്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ജീവൻ നിലനിർത്തുന്ന രോഗികൾക്കും വൈദ്യുതി സൗജന്യം നൽകിവരുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇത്തരത്തിലുള്ള എത്രപേർക്ക് കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ? | (സി) ഇത്തരത്തിലുള്ള 1,16,425 അപേക്ഷകർക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ